**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3632** **14-07-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ഇനി ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും ഒരു കളിസ്ഥലമെങ്കിലും വകസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത് നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും, ഇൻഡോർ കോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം ഉടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.**<br><br>**സംസ്ഥാന പ്ലാൻ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് ഉടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്കാവശ്യമായ തുക സമാഹരിക്കുന്നത്. ലാന്റ് ഡെവലപ്മെന്റ്, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ, ടോയ്‌ലെറ്റ്, കഫെറ്റീരിയ, ചെയ്ഞ്ചിംഗ് റൂമുകളുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.**<br><br>**പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ** |

| | | | |
|---|---|---|---|
| | | | **സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പേരാമ്പ്ര മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | **പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ പേരാമ്പ്ര മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ